File No.FWLD-D2/41/2019-FWLD

പതിനാലാം കേരള നിയമസഭ

പതിനാലാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നം. 2629 12.02.2019-ൽ മറുപടിയ്ക്ക്.

തട്ടേക്കാട് പക്ഷി സങ്കേതം

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ.ആന്റണി ജോൺ | അഡ്വ.കെ.രാജു<br>(വനവും, മൃഗസംരക്ഷണവും, മൃഗശാലകളും വകുപ്പുമന്ത്രി) |
| (എ) തട്ടേക്കാട് പക്ഷി സങ്കേതത്തിൽ ഈ സർക്കാർ നടപ്പിലാക്കിയിട്ടുള്ള പ്രവർത്തനങ്ങൾ എന്തെല്ലാമാണെന്ന് വിശദമാക്കാമോ; ഇവ കൂടാതെ പുതിയ പദ്ധതികൾ ആവിഷ്കരിച്ച് നടപ്പാക്കുന്നതിന് നടപടി സ്വീകരിക്കുമോ; | (എ) തട്ടേക്കാട് പക്ഷിസങ്കേതത്തിൽ എത്തിച്ചേരുന്ന സഞ്ചാരികൾക്ക് മെച്ചപ്പെട്ട സൗകര്യങ്ങൾ ഒരുക്കുന്നതിനൊപ്പം വനസംരക്ഷണ പ്രവർത്തനങ്ങൾക്ക് കൂടി പ്രാധാന്യം നൽകുന്ന പ്രവർത്തനങ്ങളാണ് നടപ്പിലാക്കി വരുന്നത്. ഈ സർക്കാരിന്റെ കാലയളവിൽ സഞ്ചാരികൾക്കായി വിശ്രമസ്ഥലങ്ങളും ഇരിപ്പിടങ്ങളും ക്രമീകരിച്ചു. കൂടാതെ, പുഴയോട് ചേർന്ന് നടപ്പാത നിർമ്മിച്ചു. പ്രകൃതി പഠനത്തിനെത്തുന്ന കുട്ടികൾക്കായി മിനിഡോർമിറ്ററി നവീകരിച്ച സൗകര്യങ്ങൾ ഏർപ്പെടുത്തി. പക്ഷികളെക്കുറിച്ച് പുതുതലമുറയിൽ അവബോധം സൃഷ്ടിക്കുന്നതിനായി "Introductory Course in Ornithology & Bird Watching " എന്ന പരിശീലനപരിപാടി സംഘടിപ്പിച്ചു. കൂടാതെ, പ്രകൃതിസംരക്ഷണത്തിന് പ്രാധാന്യം വിളിച്ചോതുന്ന ഡോക്യുമെന്ററികൾ കാണുന്നതിനുള്ള സൗകര്യം Salim Ali Movie House-ൽ ഏർപ്പെടുത്തി. കുട്ടികൾക്കും പക്ഷികളെ അറിയാൻ താല്പര്യം ഉള്ളവർക്കുമായി 206 പക്ഷികളുടെ വിവരങ്ങൾ അടങ്ങിയ 'Midland Birds of Kerala' എന്ന പുസ്തകം പ്രസിദ്ധീകരിച്ചു ഇക്കോഷോപ്പ് വഴി വിറ്റുവരുന്നു. സഞ്ചാരികൾക്കായി പെഡൽ ബോട്ട് സംവിധാനം ഏർപ്പെടുത്തി. കുട്ടമ്പുഴ Govt HSS സ്കൂളിൽ Biodiversity പാർക്കിൽ നടപ്പാതനിർമ്മാണം പൂർത്തിയാക്കി. വനസംരക്ഷണ പ്രവർത്തനങ്ങളിൽ ഏർപ്പെട്ടിരിക്കുന്ന ദിവസവേതന ജീവനക്കാർക്ക് യൂണിഫോം, റെയ്ൻ കോട്ട്, ഷൂ എന്നിവ വിതരണം ചെയ്തു. EDC യുടെ ആഭിമുഖ്യത്തിൽ തദ്ദേശിയർക്ക് ദിവസ വേതന അടിസ്ഥാനത്തിൽ തൊഴിൽ നൽകി വരുന്നു. |

| | |
|---|---|
| (ബി)ഇവിടെയുത്തുന്ന സന്ദർശകർക്ക് എന്തെല്ലാം സൗകര്യങ്ങളാണ് ലഭ്യമാക്കുന്നത് എന്ന് വ്യക്തമാക്കാമോ; | (ബി) കാട്ടിലേയ്ക്കുള്ള ട്രക്കിങ് സൗകര്യം ലഭ്യമാണ്. സന്ദർശകർക്കായി വനത്തിൽ ക്യാമ്പിംഗ് ഏർപ്പെടുത്തിയിട്ടുണ്ട് . ഇതിനായി വനത്തിൽ വാച്ച് ടവർ, വ്യൂ ടവർ. ട്രീ ഹട്ട് എന്നിവ ഏർപ്പെടുത്തിയിട്ടുണ്ട്. വിവിധയിനങ്ങളായ ചിത്രശലഭങ്ങൾ ഉൾക്കൊള്ളുന്ന ബട്ടർഫ്ളൈ ഗാർഡനും, പക്ഷികളെ കുറിച്ചുള്ള പഠനത്തിനായി ഇന്റർപ്രെറ്റേഷൻ സെന്ററും സഞ്ചാരികൾക്കായി പക്ഷിസങ്കേതത്തിൽ ഒരുക്കിയിട്ടുണ്ട്, കൂടാതെ പെരിയാർ നദിയിലൂടെയുള്ള ബോട്ടിംഗ് സൗകര്യവും ഏർപ്പെടുത്തിയിട്ടുണ്ട്. |
| (സി) പ്രസ്തുത പക്ഷി സങ്കേതത്തിൽ പുതുതായി എന്തെല്ലാം പദ്ധതികൾ നടപ്പിലാക്കുവാനാണ് നിലവിൽ ഉദ്ദേശിക്കുന്നത് എന്ന് വ്യക്തമാക്കാമോ? | (സി) വനസംരക്ഷണ പ്രവർത്തനങ്ങളും സഞ്ചാരികൾക്ക് മെച്ചപ്പെട്ട സൗകര്യങ്ങൾ നൽകുന്നതിനുമുള്ള പ്രവർത്തനങ്ങളും ഉദ്ദേശിക്കുന്നു. കൂടാതെ, പാർക്കിംഗ് സൗകര്യങ്ങൾ മെച്ചപ്പെടുത്തുക, വിശ്രമസ്ഥലങ്ങൾ ക്രമീകരിക്കുക, പ്രദേശം പ്ലാസ്റ്റിക് വിമുക്തമാക്കുന്നതിനുള്ള നടപടികൾ എന്നിവ പരിഗണനയിലുണ്ട്. |

സെക്ഷൻ ഓഫീസർ